AKSHAYA
Gateway of Opportunities

# അക്ഷയജാലകം

ന്യൂസ് ബുള്ളറ്റിൻ

KERALA STATE IT MISSION

Issue - 8 | Enabling Akshaya is Empowering Kerala | 2018 April

# അക്ഷയ സംരംഭകർക്ക് വൈവിധ്യമാർന്ന പരിശീലന പരിപാടികൾ



അക്ഷയ സംരംഭകർക്ക് കാലാനുസൃതമായി പുതിയ ബിസിനസ് സംരംഭങ്ങൾ കണ്ടെത്തുന്നതിനും വരുമാനം വർദ്ധിപ്പിക്കുന്നതിനും പ്രവർത്തന മേഖല വിപുലപ്പെടുത്തുന്നതിനുമായി വിവിധ മേഖലകളിൽ വിദഗ്ദ്ധ പരിശീലനം നൽകുന്നു.

ലാപ്ടോപ് മെയിന്റനൻസ് ആന്റ് സർവ്വീസിംഗ്, മൊബൈൽ സർവ്വീസിംഗ്, കമ്പ്യൂട്ടറൈസ്ഡ് സ്റ്റിക്കർ കട്ടിംഗ്, അഡ്വാൻസ്ഡ് ഫോട്ടോഷോപ്പ് ആന്റ് കോറൽ ഫോട്ടോ പെയിന്റിംഗ്, സർവ്വീസിംഗ് ഓഫ് ഡിജിറ്റൽ ടെലിവിഷൻ ആന്റ് ഡിജിറ്റൽ ഇലക്ട്രോണിക്സ്, സിസി ക്യാമറ ഇൻസ്റ്റലേഷൻ ആന്റ് സ്മാർട്ട്ഫോൺ സർവ്വീസിംഗ്, ഡിസൈനിംഗ് ഓഫ് ലീഫ്ലെറ്റ് ആന്റ് ബ്രോഷർ, അഡ്വാൻസ്ഡ് ഡിജിറ്റൽ ഫോട്ടോഗ്രാഫി, ഡിജിറ്റൽ ഫിലിം മേക്കിംഗ് എന്നിവയിലാണ് പരിശീലനം നൽകുന്നത്. മേൽകാണിച്ച വിവിധ കോഴ്സുകളിൽ പങ്കെടുക്കാൻ താല്പര്യമുള്ള സംരംഭകർ മെയ് 11 നുള്ളിൽ സംരംഭകർക്ക് ഷെയർ ചെയ്തിട്ടുള്ള ഗൂഗിൾ ഫോംവഴി രജിസ്റ്റർ ചെയ്യേണ്ടതാണ്. ഒരാൾക്ക് ഒന്നിലധികം കോഴ്സുകൾക്ക് രജിസ്റ്റർ ചെയ്യാവുന്നതാണ്. ജില്ലാതലത്തിലായിരിക്കും പരിശീലനം നൽകുന്നത്.

## സർക്കാർ ജീവനക്കാർക്ക് മലയാളം കമ്പ്യൂട്ടിംഗ് പരിശീലനം

സർക്കാർ ഓഫീസുകളിൽ മലയാളം ഔദ്യോഗിക ഭാഷയാക്കിയതിന്റെ ഭാഗമായി പത്തനംതിട്ട ജില്ലയിലെ സർക്കാർ ജീവനക്കാർക്ക് മലയാളം കമ്പ്യൂട്ടിംഗിൽ പരിശീലനം ആരംഭിച്ചു. എഡിഎം ശ്രീ.കെ. ദിവാകരൻനായർ പരിശീലനം ഔപചാരികമായി ഉദ്ഘാടനം ചെയ്തു. മുപ്പത് ഉദ്യോഗസ്ഥർ വീതമുള്ള ബാച്ചുകളായാണ് പരിശീലനം. ജില്ലാ ഭരണകൂടത്തിന്റെ നേതൃത്വത്തിൽ നടപ്പിലാക്കുന്ന പരിപാടിയിൽ അക്ഷയ സംരംഭകരാണ് പരിശീലനം നൽകുന്നത്. ഒരാഴ്ചയാണ് പരിശീലന കാലാവധി. പരിശീലനം വിജയകരമായി പൂർത്തിയാക്കുന്നവർക്ക് സർട്ടിഫിക്കറ്റ് നൽകും



## അറിയിപ്പുകൾ വെബ്സൈറ്റു വഴി ലഭിക്കും

അക്ഷയ സംരംഭകർക്കുവേണ്ടി വികസിപ്പിച്ചെടുത്ത പുതിയ വെബ്സൈറ്റിന്റെ ലോഗിൻ ഐഡിയും പാസ്സ്‌വേർഡും എല്ലാവർക്കും നൽകിയിട്ടുണ്ട്. സംരംഭകരുടെ ലോഗിൻ പേജിൽ അക്ഷയ കേന്ദ്രങ്ങളിൽ ഉപയോഗിക്കുന്ന വെബ്സൈറ്റുകളുടെ ലിങ്ക് ഏകദേശം മുഴുവനായി തന്നെ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ലോഗിൻ പേജിൽ അക്ഷയ ഡയറക്ടർ നൽകുന്ന സർക്കുലറുകളും നിർദ്ദേശങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാന അക്ഷയ ഓഫീസിൽ നിന്നും പുറപ്പെടുവിക്കുന്ന ഇത്തരം ഉത്തരവുകളും നിർദ്ദേശങ്ങളും അക്ഷയ സംരംഭകർക്ക് നേരിട്ട് ലഭിക്കുന്നതിനുവേണ്ടി മുഴുവൻ അക്ഷയ സംരംഭകരും നിത്യേന അക്ഷയ വെബ്സൈറ്റ് ലോഗിൻ ചെയ്തു പരിശോധിക്കണമെന്നു അഭ്യർത്ഥിക്കുന്നു. ആർക്കെങ്കിലും ലോഗിൻ ഐഡി ലഭിച്ചിട്ടില്ലെങ്കിൽ ജില്ലാ ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്.

## പേരാമ്പ്ര ഫെസ്റ്റിൽ അക്ഷയ യുടെ സാന്നിദ്ധ്യം ശ്രദ്ധേയമായി

കോഴിക്കോട് ജില്ലയിലെ പേരാമ്പ്ര നിയോജക മണ്ഡലത്തിലെ വിവിധ വികസന പദ്ധതികളുടെ ഏകോപനവും സമഗ്ര പുരോഗതിയും ലക്ഷ്യമിട്ട് രൂപീകരിച്ച പേരാമ്പ്ര വികസന മിഷൻ 25 ന്റെ പ്രവർത്തനങ്ങളിൽ അക്ഷയയും പങ്കാളിയായി. മിഷൻ പ്രവർത്തനത്തിന്റെ ഭാഗമായി ഏപ്രിൽ 5 മുതൽ 12 വരെ നടന്ന പേരാമ്പ്ര ഫെസ്റ്റിൽ സർക്കാരിനെയും ജനങ്ങളെയും ബന്ധിപ്പിക്കുന്ന ഓൺലൈൻ കണ്ണിയായ അക്ഷയയുടെ സ്റ്റാളും പ്രവർത്തിച്ചു. ആധാർ എൻറോൾമെന്റ്, തെറ്റുതിരുത്തൽ, കുട്ടികളുടെ ആധാർ എൻറോൾമെൻറ്, ഇ ഡിസ്ട്രിക്ട് തുടങ്ങി അക്ഷയയുടെ എല്ലാ സർക്കാർ/സർക്കാർ ഇതര സേവനങ്ങളും ഈ ദിവസങ്ങളിൽ സ്റ്റാളിൽ ലഭ്യമായിരുന്നു. നിരവധി പേർ ഈ അവസരം ഉപയോഗപ്പെടുത്തി.

## ഓൺലൈൻ സേവന ങ്ങൾക്ക് കർമസേന

ഡിജിറ്റൽ സേവനങ്ങൾ സജീവമാക്കാനും ഓൺലൈൻ സേവനങ്ങൾ പരമാവധി ജനങ്ങളിലെത്തിക്കാനും കണ്ണൂർ ജില്ലയിൽ കർമസേന രൂപീകരിച്ചു. ഇതിനായി കണ്ണൂരിന്റെ ഔദ്യോഗിക മൊബൈൽ ആപ്ലിക്കേഷനായ ***വി ആർ കണ്ണൂർ*** കൂടുതൽ കാര്യക്ഷമമാക്കും. ഓൺലൈൻ സേവനങ്ങളുമായി ബന്ധപ്പെട്ട പ്രാദേശികതല ബോധവല്കരണത്തിന് കർമസേന നേതൃത്വം നൽകും. സർക്കാർ ഓഫീസുകളിലെ ഐടി പ്രൊഫഷണലുകളും അക്ഷയ സംരംഭകരും സന്നദ്ധ പ്രവർത്തകരും അടങ്ങുന്നതാണ് കർമസേന.

### ജനസമ്പർക്ക പരിപാടിയിൽ അക്ഷയയും

കാസർഗോഡ് ജില്ലാ കളക്ടറുടെ ജനസമ്പർക്ക പരിപാടി, ജില്ലാ ലീഗൽ സൊസൈറ്റി അദാലത്ത്, ഡിജിധൻമേള തുടങ്ങിയ പരിപാടികളിൽ അക്ഷയ സ്റ്റാളുകൾ സ്ഥാപിച്ച് വിവിധ സേവനങ്ങൾ നൽകി. ബ്രോഷറുകളും,ലീഫ് ലെറ്റുകളും സ്റ്റാളുകൾവഴി വിതരണം ചെയ്തു.

## മലയാളം കത്തെഴുതുമ്പോൾ ശ്രദ്ധിക്കുക

മലയാളം ഔദ്യോഗിക ഭാഷയാക്കിയതോടെ സർക്കാർ തലത്തിൽ മലയാളത്തിലുള്ള ആശയവിനിമയം വ്യാപകമായിക്കൊണ്ടിരിക്കുകയാണ്. എന്നാൽ മലയാളത്തിൽ കത്തുകൾ എഴുതുമ്പോൾ From -ന് സമാനമായി തെറ്റായ മലയാളം വാക്കുകളാണ് പലപ്പോഴും ഉപയോഗിക്കുന്നതെന്ന് ഔദ്യോഗിക ഭാഷാവകുപ്പിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. From ന് സമാനമായി പ്രേക്ഷകൻ, പ്രേക്ഷിതൻ, പ്രേഷിതൻ, പ്രേഷകൻ എന്നീ വാക്കുകളാണ് പലരും ഉപയോഗിക്കുന്നത്. ഇതിൽ പ്രേഷകൻ എന്ന പദം മാത്രമാണ് ശരിയായ പ്രയോഗം. To എന്ന പദത്തിന് സമാനമായി സ്വീകർത്താവ്, ഗ്രാഹകൻ എന്നീ പദങ്ങൾ ഉപയോഗിക്കാമെന്ന് ഔദ്യോഗിക ഭാഷാവകുപ്പ് അറിയിച്ചു.



കോട്ടയം ജില്ലയിൽ ന്യൂ ഇന്ത്യാ അഷുറൻസിന്റെ ടോപ് പെർഫോർമൻസിനുള്ള (2017 – 18) അവാർഡ് സംരംഭകനായ ശ്രീ ജയകുമാർ സ്വീകരിക്കുന്നു.

## ബോധവല്കരണ സെമിനാർ നടത്തി

വേനൽക്കാലം രൂക്ഷമായതിന്റെ പശ്ചാത്തലത്തിൽ മലപ്പുറം ജില്ലയിലെ അക്ഷയ സംരംഭകർക്കായി നല്ല വെള്ളം നല്ല ആരോഗ്യം എന്ന വിഷയത്തിൽ സെമിനാർ നടത്തി. എഡിഎം ശ്രീ. വി. രാമചന്ദ്രൻ സെമിനാർ ഉദ്ഘാടനം ചെയ്തു. പദ്ധതിയുടെ ഭാഗമായി ജില്ലയിലെ തെരഞ്ഞെടുത്ത അക്ഷയ കേന്ദ്രങ്ങളിൽ ശുദ്ധജലം പരിശോധിക്കുന്നതിനുള്ള സാമ്പിളുകൾ ശേഖരിക്കും. യുവിൻ ടെക്നോളജിയുമായി സഹകരിച്ചായിരുന്നു സെമിനാർ.

# സോഷ്യൽ മീഡിയ : ചില മുൻകരുതലുകൾ



സോഷ്യൽ മീഡിയ ഇന്ന് നമ്മുടെ ജീവിതത്തിന്റെ ഭാഗമാണ്. പലരും മണിക്കൂറുകളോളം സോഷ്യൽ മീഡിയയിൽ ചെലവഴിക്കുന്നുണ്ട്. എന്നാൽ നേട്ടങ്ങൾക്കൊപ്പം ഒരുപാട് തെറ്റിദ്ധാരണകൾ പരത്തുന്നതിനും ചതികളിൽ പെടുത്തുന്നതിനും ഇവയുടെ അശ്രദ്ധമായ ഉപയോഗം കാരണമാകാറുണ്ട്. അതിനാൽ സോഷ്യൽ മീഡിയ ഉപയോഗിക്കുമ്പോൾ ചില കാര്യങ്ങൾ ശ്രദ്ധിക്കുന്നത് നന്നായിരിക്കും.

വ്യക്തിപരമായ ആവശ്യങ്ങൾക്കുപയോഗിക്കുന്ന മെയിൽ ഐഡികളുടെ പാസ്‌വേർഡ് സോഷ്യൽ മീഡിയകളിലെ അക്കൗണ്ടുകൾക്ക് നൽകരുത്. ഇത് ഹാക്കർമാർക്ക് സഹായകമാകും. സുഹൃത്തുക്കൾക്ക് റിക്വസ്റ്റ് അയയ്ക്കുന്നതും അവ സ്വീകരിക്കുന്നതും വിശ്വസനീയമാണെന്നുറപ്പുവരുത്തുക. ഔദ്യോഗികമായ വിവരങ്ങൾ, തൊഴിൽപരമായ പ്രശ്നങ്ങൾ എന്നിവ സോഷ്യൽ മീഡിയ വഴി പങ്കു വയ്ക്കുന്നത് പരമാവധി ഒഴിവാക്കുക. ഇന്റർനെറ്റ് കഫേകൾവഴി സോഷ്യൽ മീഡിയയിൽ ലോഗിൻ ചെയ്യാതിരിക്കുക. കീ ലോഗർ ഉപയോഗിച്ച് നിങ്ങളുടെ പാസ് വേർഡും വിവരങ്ങളും അവർക്ക് ചോർത്താനാകും. വിവരങ്ങൾ അന്വേഷിച്ച് വരുന്ന സന്ദേശങ്ങളോട് ആധികാരികത ഉറപ്പാക്കിയ ശേഷം മാത്രം പ്രതികരിക്കുക. ഉപയോഗപ്രദമെന്ന രീതിയിൽ വരുന്ന ലിങ്കുകളിൽ വൈറസുകൾ ഉണ്ടാകാൻ സാദ്ധ്യതയുണ്ട്. അതിനാൽ അവയിലേക്ക് പ്രവേശിക്കുന്നതിനു മുമ്പ് അവ അത്യാവശ്യമുള്ളവയാണോ എന്ന് ചിന്തിക്കുകയും വിശ്വാസ്യതയില്ലെങ്കിൽ ഒഴിവാക്കുകയും ചെയ്യുക. മത്സര വിജയിയായെന്നും സമ്മാനം ലഭിച്ചുവെന്നുമൊക്കെയുള്ള അറിയിപ്പുകളിൽ ഫിഷിംഗിനുള്ള സാദ്ധ്യത വളരെ കൂടുതലാണ്. അതിനാൽ അവയിൽപെട്ട് വഞ്ചിതരാകാതിരിക്കുക. നിങ്ങളുടെ കമ്പ്യൂട്ടർ അപ്ടുഡേറ്റ് ആണെന്നുറപ്പുവരുത്തുക. മികച്ച ആന്റി വൈറസ് സംരംക്ഷണം നൽകുക.

## തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ് പ്രീമിയം അക്ഷയവഴി

തയ്യൽ തൊഴിലാളി ക്ഷേമനിധിബോർഡ് അംഗങ്ങളുടെ അംശംദായം അക്ഷയവഴി അടയ്ക്കുന്നതിനും വെർച്വൽ ബാങ്ക് കാർഡിന്റെ പകർപ്പ് എടുക്കുന്നതിനും ക്ഷേമിനിധിബോർഡുമായി ധാരണയായി. ഇതിന് അക്ഷയ കേന്ദ്രങ്ങൾക്ക് ഈടാക്കാവുന്ന തുക സംബന്ധിച്ച് ഉത്തരവായി. പുതിയ അംഗങ്ങളുടെ വിവരങ്ങൾ എന്റർ ചെയ്ത് പ്രിന്റ് ഔട്ട് എടുത്തു നൽകുന്നതിനായി 30 രൂപയും വെർച്വൽ ബാങ്ക് കാർഡിന്റെ പകർപ്പ് എടുത്തു നൽകുന്നതിന് 10 രൂപയും ഓൺലൈനായി അംശാദായം അടക്കുന്നതിന് 10 രൂപയുമാണ് ഫീസ് നിശ്ചയിച്ചിട്ടുള്ളത്.




newsletteraspo@gmail.com

അക്ഷയ ന്യൂസ് ലറ്ററിൽ ഉൾപ്പെടുത്തുന്നതിലേക്ക് സംരംഭകരിൽനിന്നും വിജയകഥകൾ (Success stories) ക്ഷണിക്കുന്നു. സംരംഭകർ തനതായി ഏറ്റെടുത്തു നടത്തുന്ന പ്രോജക്ടുകൾ, അക്ഷയ കേന്ദ്രം വിജയകരമായി നടത്തിക്കൊണ്ട് പോകുന്നതിനു സ്വീകരിച്ചിട്ടുള്ളതും മറ്റുള്ളവർക്ക് മാതൃകയാക്കാവുന്നതുമായ പ്രവർത്തനങ്ങൾ തുടങ്ങിയവ അയയ്ക്കാവുന്നതാണ്. തെരഞ്ഞെടുക്കുന്നവ ന്യൂസ് ലെറ്ററിൽ പ്രസിദ്ധീകരിക്കും.

**രചനകൾ ക്ഷണിക്കുന്നു.**

**ന്യൂസ്** ലെറ്ററിൽ ഉൾപ്പെടുത്തുന്നതിലേക്ക് ചെറുലേഖനങ്ങൾ ക്ഷണിക്കുന്നു. ഐടി മേഖലയുമായി ബന്ധപ്പെട്ടതും സംരംഭകർക്ക് പ്രയോജനപ്പെടുന്നതുമായ ലേഖനങ്ങൾ അയയ്ക്കാം. Mail id: newsletteraspo@gmail.com

***Please visit our Facebook Page:***
**https://www.facebook.com/akshayacsckerala**




**റിപ്പോർട്ടുകളും രചനകളും**
ന്യൂസ് ലെറ്ററിൽ ഉൾപ്പെടുത്തുന്നതിലേക്ക് ജില്ലാതലത്തിൽ നടക്കുന്ന പരിപാടികളുടെ റിപ്പോർട്ടും ഫോട്ടോയും newsletteraspo@gmail.com എന്ന മെയിൽ ഐഡിയിലേക്ക് അയച്ചുതരേണ്ടതാണ്.



തൃശ്ശൂർ : സ്പെഷ്യൽ ആധാർ ക്യാമ്പ്



പത്തനംതിട്ട : സ്പെഷ്യൽ ആധാർ ക്യാമ്പ്



എറണാകുളം : സ്പെഷ്യൽ ആധാർ ക്യാമ്പ്



ഇടുക്കി : ടെക്നിക്കൽ ട്രെയിനിംഗ്



കോട്ടയം : ടെക്നിക്കൽ ട്രയിനിംഗ്




മലപ്പുറം : പരാതി പരിഹാര അദാലത്തിൽ അക്ഷയ



കോഴിക്കോട് : പേരാമ്പ്ര ഫെസ്റ്റ്